Talented Bankers Literary Panel
പുസ്തക പരിചയം 190

പുസ്തകം പരിചയപ്പെടുത്തുന്നത്,
നിധി തോമസ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ഒല്ലൂക്കര ശാഖ.

സർവ്വ മനുഷ്യരുടേയും രക്ഷയ്ക്ക് വേണ്ടിയുള്ള കൃപ (കഥകൾ)
ജിസ ജോസ്.

എട്ട് കഥകളടങ്ങിയ ഒരു ചെറു കഥാസമാഹാരമാണ് 'സർവ്വ മനുഷ്യരുടേയും രക്ഷയ്ക്ക് വേണ്ടിയുള്ള കൃപ'. പുതിയ എഴുത്തുകാരിയായിട്ടും ഈ ബുക്ക് കൊണ്ട് തന്നെ ജിസ ജോസ് നമ്മളെ അമ്പരിപ്പിക്കുന്നു.

എട്ട് കഥകളും പറയുന്നത് എട്ടു തരത്തിൽ, എട്ട് പേരുടെ ജീവിതങ്ങൾ. പേരുള്ളവർ, ഇല്ലാത്തവർ, എരിഞ്ഞ് തീരുന്നവർ, നീറി പുകയുന്നവർ, പകയുള്ളവർ... അങ്ങനെ പലരുടെ കഥകൾ.

ആദ്യത്തെ കഥയായ സർവ മനുഷ്യരുടെയും രക്ഷക്ക് വേണ്ടിയുള്ള കൃപ എന്ന ചെറുകഥയിൽ, തന്നിൽ നിന്ന് അല്ലാതെ ഗർഭിണിയായ ഭാര്യയോട് ആരുടെ കുഞ്ഞാണ് എന്ന് ചോദിക്കാൻ ഉള്ള ബന്ധം പോലും നഷ്ടപ്പെട്ട അസ്തിത്വം നഷ്ട്ടപെട്ട ഒരു മനുഷ്യൻ. തനിനാടൻ ഭാഷയിൽ വളരെ പഴക്കം ചെന്ന ഗ്രാമസാഹചര്യങ്ങളിൽ ഉള്ള ഒരു കഥ.

രണ്ടാമത്തെ കഥയായ ഇരുണ്ട ഇടങ്ങൾ ഒരു ട്രൈബൽ യുവതിയുടെ മനസിലൂടെ ഉള്ള സഞ്ചാരമാണ്. ആഗ്രഹിക്കാതെ കിട്ടിയ ഭംഗി പോയ ജീവിതത്തിനെ മടുപ്പോടെ നോക്കുന്ന തുളസി. ഭർത്താവിന്റെ അടുത്ത നീക്കങ്ങൾ പോലും മുൻകൂട്ടി മനസ്സിൽ കണ്ട് തികച്ചും നിർമമതയോടെ പറയുന്ന ഇടങ്ങളിലെ ഭാഷ ഒക്കെ ഗംഭീരം. സെമിനാർ ഹാളിലെ പൂച്ച എന്ന ചെറുകഥാ സസ്പെൻസ് ത്രില്ലർ പോലെ ആണ്. കഥയുടെ അവസാനമാകുമ്പോഴേ കഥ തീർത്ത ഊരാക്കുടുക്കുകൾ നമുക്ക് വെളിവായി വരുന്നുള്ളു. മിക്ക കഥകളിലും ഉള്ള പോലെ ഊഷ്മളത കളഞ്ഞ് പോയ, പേരിനു മാത്രം ആയി മാറിയ ഒരു ദാമ്പത്യം ഇവിടെയും വരുന്നുണ്ട്.

മരണത്തിന്റെ താക്കോൽ എന്ന കഥയിലും സസ്പെൻസ് ഉണ്ട്. ആ കഥയിൽ ഒരു സസ്പെൻസ് ഉണ്ടെന്ന് പോലും പിടി തരാതെ അവസാനം നമ്മളെ ഞെട്ടിച്ച് കൊണ്ട് ഒരു സസ്പെൻസ്. ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ മാനസിക വ്യപാരത്തിലൂടെയാണ് എല്ലാ കഥകളും മുന്നോട് പോകുന്നത്. അത് കൊണ്ട് തന്നെ സംഭാഷണങ്ങൾ ഒക്കെ

കുറവാണ്. എന്നാൽ ഭാഷയുടെ ചടുലതയും ഭംഗിയും കൊണ്ട് കഥകൾ മനോഹരമായി മുന്നോട് പോകുന്നുണ്ട്.

കലർപ്പില്ലാത്ത ഭാഷയാണ് മറ്റൊരു ആകർഷണം . നല്ല അസ്സൽ തെക്കൻ ഭാഷ ഉപയോഗിച്ചിരിക്കുന്ന ഈ ചെറുകഥകൾ നമ്മുടെ പുസ്തക സമാഹാരത്തിന് ഒരു മുതൽകൂട്ടാണ്.

കറൻ്റ് ബുക്സ്
Rs. 170/-